# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 111**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

*'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല' (മത്തായി 24:35).*

മനുഷ്യമനസ്സുകളെ രൂപാന്തരപ്പെടുത്തുന്ന, ആത്മരക്ഷയിലേക്കു നയിക്കുന്ന തിരുവചനം പുസ്തകരൂപത്തിലും ഡിജിറ്റൽ മാധ്യമത്തിലും നമുക്ക് ലഭ്യമായതോർത്തു ദൈവത്തിനു സ്തോത്രം കരേറ്റുന്നതിനും, ബൈബിൾ സൊസൈറ്റിയുടെ ശുശ്രൂഷകളെയോർത്ത് പ്രാർത്ഥിക്കുന്നതിനും, ഉദാരമായ സ്തോത്രദാനം സമർപ്പിക്കുന്നതിനുമായി വേർതിരിച്ചിരിക്കുന്ന ദിനമാണ് ഡിസംബർ 3–ാം തീയതി വേദപുസ്തക ഞായർ. 1804 മാർച്ച് മാസം ബൈബിൾ സൊസൈറ്റി രൂപീകൃതമായതിനുശേഷം വേദപുസ്തകത്തിന്റെ ആദ്യ പരിഭാഷ ആരംഭിച്ചത് ഡിസംബറിലാണ്. ആയതിനാൽ എല്ലാ വർഷവും ഡിസംബറിൽ വേദപുസ്തക ഞായർ ആചരിച്ചുവരുന്നു. അന്നേ ദിനം ആരാധനാമദ്ധ്യേ ബൈബിൾ സൊസൈറ്റിക്കുവേണ്ടി പ്രാർത്ഥിക്കുകയും സ്തോത്രകാഴ്ചയിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണമെന്ന് ഉത്ബോധിപ്പിക്കുന്നു.

തിരുവെഴുത്തുകളുടെ എബ്രായ, ഗ്രീക്ക്, അരാമ്യ മൂലഭാഷകളിൽനിന്നും വിവിധ ഭാഷകളിൽ വേദപുസ്തകം തർജ്ജമ ചെയ്ത്, ഭാരതത്തിലെ എല്ലാ ജനങ്ങൾക്കും തങ്ങളുടെ 'ഹൃദയഭാഷ'യിൽ, ലളിതമായ ശൈലിയിലും ആകർഷകമായ രീതിയിലും താങ്ങാവുന്ന വിലയ്ക്കും ദൈവവചനം ലഭ്യമാക്കി; അതിലൂടെ ഭാരത സുവിശേഷീകരണത്തിൽ സഭകളെ സഹായിച്ചുവരുന്ന മഹത്തരമായ ശുശ്രൂഷയാണ് ഏറ്റവും ബൃഹത്തായ എക്യുമെനിക്കൽ പ്രസ്ഥാനമായ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നിലവിൽ 110 ബൈബിൾ പരിഭാഷാ പദ്ധതികൾ (ഒരു ആംഗ്യ ഭാഷ ബൈബിൾ ഉൾപ്പെടെ) പുരോഗമിക്കുന്നു. ഭാരതത്തിലെ 1672 ഭാഷകളിൽ ഇതിനോടകം 200– ൽ പരം ഭാഷകളിൽ ദൈവവചനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കഴിഞ്ഞ വർഷം 3,79,851 തിരുവചനപ്രതികൾ കേരളത്തിൽ വിതരണം ചെയ്യുവാൻ ബൈബിൾ സൊസൈറ്റിക്കു സാധിച്ചു. അതോടൊപ്പം വിവിധ പ്രോജക്ട് ബൈബിളുകളും കൊടുക്കുവാൻ കഴിഞ്ഞു. കഴിഞ്ഞ നാളുകളിൽ ഇടവകകളിൽ നിന്നും ബൈബിൾ സൊസൈറ്റിക്കു ലഭിച്ച എല്ലാ നന്മകൾക്കും ദൈവനാമത്തിൽ നന്ദി അർപ്പിക്കുന്നു. മെത്രാപ്പോലീത്ത ഓക്സിലിയറി കമ്മിറ്റി അംഗമായും അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ ബൈബിൾ സൊസൈറ്റി ദേശീയ നിർവാഹക സമിതി അംഗമായും പ്രവർത്തക സമിതി അംഗമായും ഇപ്പോൾ നേതൃത്വം നൽകുന്നു.

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയ്ക്ക് വിവിധ സംസ്ഥാനങ്ങളിലായി 17 ഓക്സിലിയറികളും ഷില്ലോങ്ങിൽ 1 ട്രാൻസ്ലേഷൻ സെൻററുമാണുള്ളത്. കേരള ഓക്സിലിയറിയുടെ 150 ബ്രാഞ്ചുകളെ 29 റീജിയണുകളായി തിരിച്ചു സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ദൈവവചനം എല്ലാവരിലേക്കും എത്തിക്കുക എന്ന സുവിശേഷ ദൗത്യത്തിനായി വിവിധ വിഭവ സമാഹരണ പദ്ധതികൾ (പ്ലാറ്റിനം 25,000 രൂപ, ഡയമണ്ട് 10,000 രൂപ, ഗോൾഡൻ 5,000 രൂപ, സിൽവർ 2,500 രൂപ) ഉണ്ട്. കൂടാതെ ചെറുതും വലുതുമായ ഏതു തുകയും ഈ ദൗത്യപൂർത്തീകരണത്തിനു വിലപ്പെട്ടതാണ്. ഈ ബൈബിൾ സൺഡേയിലൂടെയും സഭാജനങ്ങളുടെ ഉദാരമായ സംഭാവനകൾ പ്രതീക്ഷിക്കുന്നു. വേദപുസ്തക ഞായറാഴ്ച ലഭിക്കുന്ന മുഴുവൻ സ്തോത്രകാഴ്ചയും സഭാ ഓഫീസിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അതിലൂടെ സഭയിലെ ഏറ്റവും ചെറിയ കുട്ടി മുതൽ മുതിർന്ന അംഗം വരെ വേദപുസ്തക പ്രസിദ്ധീകരണത്തിന്റെ ദൗത്യത്തിൽ പങ്കുകാരാകുന്നു. ബൈബിൾ സൊസൈറ്റി ബ്രാഞ്ചുകളുടെ പ്രവർത്തനത്തിലും വിഭവ സമാഹരണത്തിലും നമ്മുടെ പട്ടക്കാരും ഇടവക ജനങ്ങളും ആത്മാർത്ഥമായി പങ്കുചേരുവാൻ ഉത്സാഹിക്കുമല്ലോ. മാറുന്ന ലോകഗതിയിൽ മാറ്റമില്ലാത്ത ദൈവവചനം പ്രത്യാശയും സൗഖ്യവും മാർഗദർശനവും നൽകി നമ്മെ ഓരോരുത്തരെയും നയിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 ഒക്ടോബർ 30 – ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 111**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

*"Heaven and earth will pass away, but my words will never pass away" (Matt. 24:35).*

Bible Sunday, 3rd December, is a day set aside to give thanks to God for the Bible that transforms human minds and leads to salvation of the soul, for its availability in book and digital media formats, to pray for the ministry of the Bible Society, and to offer a generous thanksgiving. After the formation of the Bible Society in March 1804, the first translation of the Bible began in December. Therefore, the Bible Sunday is observed in December every year. We exhort you to pray for the Bible Society during worship on that day and to willingly participate in the offertory.

The Bible Society of India, one of the largest ecumenical movements, is performing a great service in helping the churches in the evangelization of India by translating the scriptures from the Hebrew, Greek and Aramaic originals into various languages, thus making the Word of God available to all the people of India in their own 'language of the heart', in a simple, attractive style and at an affordable price. Currently 110 Bible translation projects (including one in sign language) are in progress under the auspices of the Bible Society of India. Out of the 1672 languages of India, the Word of God has already been published in more than 200 languages. During the past year, the Bible Society was able to distribute 3,79,851 copies of the Bible in Kerala. Along with that, various project Bibles were also given. We express our gratitude in the name of God for all the gifts that the Bible Society has received from the parishes in the past days. The Metropolitan is a member of the Auxiliary Committee and Dr. Abraham Mar Paulos Episcopa is a member of the National Executive Committee and the Working Committee of the Bible Society.

The Bible Society of India has 17 auxiliaries in various states and one translation centre in Shillong. The Kerala Auxiliary has 150 branches divided into 29 regions, and its activities are progressing in all the districts of the state. There are various resource mobilization schemes (Platinum Rs. 25,000, Diamond Rs. 10,000, Golden Rs. 5,000, and Silver Rs. 2,500) for the mission of spreading the Word of God to all. Any amount, big or small, is valuable for the completion of this mission. A generous donation from the members of the Church is expected on this Bible Sunday as well. All offertories received on Bible Sunday must be submitted to the Sabha Office. Through this, the smallest child to the oldest member of the church share in the mission of publishing the Bible. Our clergy and lay members should willingly participate in the activities and resource mobilization of the Bible Society branches. In this changing world, may the unchanging Word of God guide each of us with hope, healing, and guidance.

Grace be with you all.

Dated 30th October 2023, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**